# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7778 — 15-07-2014 ന് മറുപടിയ്ക്ക്

## കൽപ്പറ്റ മണ്ഡലത്തിലെ വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എം. വി. ശ്രേയാംസ് കുമാർ** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു.വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** | |
| (എ) | മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19-06-2013 -ൽ കൂടിയ യോഗ നടപടിപ്രകാരം കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളിൽ സംയുക്ത പരിശോധന നടത്തിയിട്ടുണ്ട് എന്നതിന്റെ വില്ലേജ് തല വിശദാംശം ലഭ്യമാക്കുമോ; | (എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിൽ സൗത്ത് വയനാട് ഡിവിഷനു കീഴിൽ വരുന്ന മുപ്പൈനാട് വില്ലേജിലെ നീലിമല കടച്ചിക്കുന്ന് ഭാഗത്തും, വെള്ളരിമല മമ്മികുന്ന് ഭാഗത്തും കോട്ടപ്പടി വില്ലേജിലെ കനേഡിയൻ കുന്ന്,മേപ്പാടികുന്ന് (കുന്ദമംഗലം വയൽ) ഭാഗങ്ങളിലും സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത യോഗ തീരുമാനപ്രകാരം റീ സർവ്വെയിൽ അധികം വന്ന വനഭൂമി റവന്യൂ ഭൂമിയാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | സൗത്ത് വയനാട് ഡിവിഷനിൽ മേപ്പാടി റെയിഞ്ചിന്റെ പരിധിയിൽ വരുന്നതും മുപ്പൈനാട് വില്ലേജിൽ റീ സർവ്വേ 56 ൽ വനഭൂമിയായി വിജ്ഞാപനം ചെയ്യപ്പെട്ട 566 ഹെക്ടർ വനഭൂമി 56-ൽ വനഭൂമിയായി വിജ്ഞാപനം ചെയ്യപ്പെട്ട 566 ഹെക്ടർ വനഭൂമി, റീ സർവ്വെയ്ക്കു ശേഷം തയ്യാറാക്കിയ റവന്യൂ റിക്കാർഡുകൾ പ്രകാരം 719.0897 ഹെക്ടറായി വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ടി അധികം വരുന്ന വനഭൂമി റിസർവ്വെ സമയത്ത് വിസ്തീർണ്ണം കണക്കാക്കുമ്പോൾ വന്ന വ്യത്യാസമാണോയെന്നും നിക്ഷിപ്ത വനഭൂമിയായി സർക്കാരിലേയ്ക്ക് വരേണ്ട ഭൂമി നോട്ടിഫൈ ചെയ് സമയത്ത് വിട്ടുപോയത് റീ സർവ്വെ സമയത്ത് കൂട്ടിച്ചേർത്തു കൊണ്ടാണോ ഈ വ്യത്യാസം ഉണ്ടായതെന്നും വിശദമായി പരിശോധിച്ചു വരുന്നു. |

| | |
|---|---|
| (സി) പ്രസ്തുത യോഗ തീരുമാനങ്ങൾ നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19-06-2013-ൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളിൽ ഭൂരിഭാഗവും നടപ്പിലാക്കേണ്ടതും നടപടി സ്വീകരിക്കേണ്ടതും റവന്യൂ വകുപ്പാണ്. റീ സർവ്വെയിൽ അധികമായി കണ്ടെത്തിയെന്ന് പറയപ്പെടുന്ന ഭൂമിയുടെ നിജസ്ഥിതി സംബന്ധിച്ച സർവ്വേ നടപടികൾ പുരോഗമിച്ചു വരുന്നു. സൗത്ത് വയനാട് ഡിവിഷനു കീഴിലുള്ളതും സംയുക്ത പരിശോധന നടത്തേണ്ടതുമായ വില്ലേജുകളിൽ സംയുക്ത പരിശോന ആരംഭിക്കുകയും ചിലതു പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ